പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1748 — 18-06-2012 -ൽ മറുപടിക്ക്.

## സാഫല്യം ഭവനപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ.<br>ശ്രീ. സി.കെ. നാണു. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാഫല്യം ഭവനപദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്തെല്ലാം നപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ? | (ബി) കേരളത്തിലെ ദുർബലവിഭാഗങ്ങളിൽപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭൂ-രഹിത പാർപ്പിടരഹിതരായവർക്ക് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് മുഖേന ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ചുനൽകുക എന്നതാണ് ഈ ഭവന പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിലെ 8 ജില്ലകളിലായി 10 ഗ്രാമപഞ്ചായത്തുകളിൽ സാഫല്യം പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് സർക്കാർ ലഭ്യമാക്കിയിരുന്ന ഭൂമികളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തും ഇതിനായി ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള സ്ഥലത്തും ആയിട്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഭൂമി വിട്ടുതരാൻ തയ്യാറുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കൂടുതൽ സ്ഥലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കാനും, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ |

നേതൃത്വത്തിൽ പൊതുജനങ്ങളേയും ഗുണ
ഭോക്താക്കളേയും പഞ്ചായത്തിനേയും
സഹകരിപ്പിച്ചുകൊണ്ട് പബ്ലിക്-പ്രൈവ
റ്റ്-പഞ്ചായത്ത്-പാർട്ണർഷിപ്പ് (PPPP)
മാതൃകയിൽ ഈ പദ്ധതി നടപ്പിലാക്കാനും
ലക്ഷ്യമിട്ടിട്ടുണ്ട്. ഓരോ ഫ്ലാറ്റിനും 2.5
ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 195
ച.അടി വിസ്തീർണ്ണത്തിൽ ഫ്ലാറ്റുകളുടെ
സമുച്ചയം പണിയുന്നതിനാണ്
സാഫല്യം പദ്ധതി വിഭാവനം
ചെയ്തിട്ടുള്ളത്.

സെക്ഷൻ ഓഫീസർ